E-37806/2000

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം - 14
തീയതി 02/12/2000

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
തിരുവനന്തപുരം

ഡിവിഷണൽ ഫോറസ്റ്റാഫീസർ
തൃശ്ശൂർ

സർ

വിഷയം : ജീവനക്കാരുടെ ഗ്രേഡ് നല്കുന്നതിന് റിട്ടേർഡ് ഫോറസ്റ്റ് ഗാർഡ് ശ്രീ. മൊയ്തീൻ ന്റെ പരാതി സംബന്ധിച്ച്.

സൂചന : താങ്കളുടെ 29/7/2000, 23/9/2000 എന്നീ തീയതികളിലെ ടി 1/526/99 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. ടി.എം.മൊയ്തീൻ വാച്ചറായിട്ടാണ് സർവ്വീസിൽ പ്രവേശിച്ചത്. തുടർന്ന് തസ്തികമാറ്റം വഴിയാണ് ഗാർഡായി നിയമിച്ചിട്ടുള്ളത്. ഓച്ചർ ഫോറസ്റ്റ് ഗാർഡായത് പ്രമോഷൻ മുഖേന അല്ല. തസ്തിക മാറ്റം വഴിയുള്ള നിയമനമാണ്. അത് പുതിയ നിയമനമായി മാത്രമേ കണക്കാക്ക പ്പെടുന്നുള്ളൂ. അങ്ങനേയുള്ളവർക്ക് 25/11/1998 ലെ ജി. ഒ (പി) നമ്പർ 3000/98 ഫിൻ എന്ന സർക്കാർ ഉത്തരവിന്റെ 5(1) (ബി) (2) (1) എന്ന ഖണ്ഡിക പ്രകാരം 10 വർഷം

ആദ്യ നിയമന തസ്തികയിൽ പൂർത്തിയാക്കിയാൽ മാത്രമേ ഹയർഗ്രേഡ് നല്കുവാൻ പാടുള്ളൂ. ടി സർക്കാർ ഉത്തരവിന്റെ 7(11)-ാം ഖണ്ഡികയിൽ ആദ്യ നിയമന തസ്തിക എന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ശ്രീ. മൊയ്തീന് എട്ട് വർഷത്തിന് ഗ്രേഡ് നല്കിയ താങ്കളുടെ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ ശ്രീ. മൊയ്തീന് 8 വർഷത്തെ ഗ്രേഡ് നല്കിയത് പുനപരിശോദിച്ച് അധിക ശമ്പളം നല്കിയിട്ടുണ്ടെങ്കിൽ അതിനെ തിരിച്ച് പിടികൂടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**കൂടാതെ പ്രമോഷൻ വഴി ഗാർഡ് ഫോറസ്റ്ററാകുന്നതിന് എസ്.എസ്.എൽ.സി യോഗ്യത നിർബന്ധമാണെന്ന് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചില്ലെന്നും അറിയിക്കുന്നു.**

**വിശ്വസ്തതയോടെ,**

**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**